**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3587** **02-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടത്തിവരുന്ന പദ്ധതികളിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്ക് നൽകാനുള്ള കുടിശിക സംബന്ധിച്ച വിവരങ്ങൾ പദ്ധതികളുടെ ഇനം തിരിച്ച് ലഭ്യമാക്കാമോ? | (എ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനെ നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായം സംബന്ധിച്ചുള്ള വിവരങ്ങൾ പദ്ധതികളുടെ ഇനം തിരിച്ചു **അനുബന്ധമായി** ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | ആശ്വാസകിരണം പദ്ധതി | 2022-23 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. അതിൽ ആദ്യ ഗഡുവായി 10 കോടി അനുവദിച്ചതിൽ നിന്നും 9,86,20,800 രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 ഗുണഭോക്താക്കളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 4 മാസത്തെയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| 2 | സ്നേഹസ്പർശം പദ്ധതി | സ്നേഹസ്പർശം പദ്ധതി പ്രകാരം 2022 നവംബർ മാസംവരെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| 3 | സ്നേഹപൂർവ്വം പദ്ധതി | ഈ സാമ്പത്തിക വർഷം സ്നേഹപൂർവ്വം പദ്ധതിക്കായി വകയിരിത്തിയിരിക്കുന്ന 17 കോടി രൂപയിൽ 10.54 കോടി രൂപ അനുവദിച്ചു നൽകിയിരുന്നതിൽ നിന്നും ആകെ ലഭിച്ച 51341 അപേക്ഷകളിൽ 20803 പേർക്ക് ധനസഹായം അനുവദിച്ചു നൽകി . ബാക്കിയുള്ള 30538 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 16, 50, 00, 000 രൂപ ആവശ്യമാണ്. |
| 4 | സമാശ്വാസം പദ്ധതി | സമാശ്വാസം - 1, 2, പദ്ധതികൾക്ക് 2022 നവംബർ മാസംവരെയും, സമാശ്വാസം 3 പ്രകാരം 2022 സെപ്റ്റംബർ മാസംവരെയും, സമാശ്വാസം 4 പ്രകാരം 2022 ഒക്ടോബർ മാസംവരെയും, ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |